# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.125 | | 30.09.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ഹരിതകേരളം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.എം.വിൻസന്റ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.സണ്ണി ജോസഫ് | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ മാലിന്യ വിമുക്തമാക്കാൻ 'ഹരിതകേരളം' എന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനം ശുചിയാക്കാനും ഹരിതാഭമാക്കാനുമുള്ള എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | ശുചിത്വ-മാലിന്യസംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മൂന്ന് മേഖലകളിൽ ഊന്നൽ നൽകുന്ന സമഗ്ര ഇടപെടലാണ് 'ഹരിതകേരളം പദ്ധതി' നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണം, സംയോജിത നീർത്തട പരിപാലനം, ഉറവിട മാലിന്യസംസ്കരണം, കമ്പോസ്റ്റ് ഉപയോഗിച്ചുള്ള ജൈവകൃഷി എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ഈ പദ്ധതിയുടെ നടത്തിപ്പിന് ജനപങ്കാളിത്തം എങ്ങനെ ഉറപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) | കേരളത്തിൽ ബഹുജന പങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ സാക്ഷരത, അധികാര വികേന്ദ്രീകരണം, കുടുംബശ്രീ തുടങ്ങിയ മഹാ പ്രസ്ഥാനങ്ങൾപോലെ ഹരിത കേരളം മിഷൻ ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സന്നദ്ധപ്രവർത്തനം, പങ്കാളിത്തം, കൂട്ടായ്മ, പൗരധർമ്മം എന്നിവ ഉറപ്പാക്കുംവിധമുള്ള ക്യാമ്പയിനിനാണ് രൂപം നൽകുന്നത്. മാലിന്യ സംസ്ക്കരണമെന്നത് വിഭവ വികസനമാണെന്ന സമീപനം സമൂഹത്തിൽ വ്യവസ്ഥാപിതമാക്കുന്നതിനു വേണ്ടി ജനപങ്കാളിത്തത്തോടെ ജൈവകൃഷിക്കുള്ള അനുകൂല മനോഭാവവും, ജീവിത രീതിയും ശൈലിയും ഓരോ വ്യക്തിയിലും, കുടുംബത്തിലും, ഓരോ സ്ഥാപനത്തിലും, സാമൂഹിക ജീവിതത്തിലും ഉറപ്പു വരുത്താനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | സമഗ്ര കേരള വികസനം ലക്ഷ്യമാക്കി നടപ്പാക്കാനുദ്ദേശിക്കുന്ന ഹരിതകേരളം അടക്കമുള്ള പദ്ധതികളുടെ വിശദമായ കർമ്മപരിപാടി 28.09.2016 ലെ സ.ഉ.(പി) നം.41/2016/ആ.സ.വ. ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സമഗ്ര കേരള വികസനത്തിനുവേണ്ടി അഞ്ചുവർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ പ്രഖ്യാപിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആസൂത്രണ സാമ്പത്തികകാര്യ(ഡി) വകുപ്പ്**

**സ.ഉ(പി)നം 41/2016/ആ.സാ.വ** **തിരുവനന്തപുരം, തീയതി, 28.09.2016**

## ഉത്തരവ്

കേരളത്തിന്റെ സമഗ്ര വികസനത്തിനു വേണ്ടി താഴെപ്പറയുന്ന നാല് ബൃഹത്തായ പദ്ധതികൾ അഞ്ചുവർഷം കൊണ്ട് ജന പങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവാകുന്നു.

I. **സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി**

II. **ജന സൗഹൃദ സർക്കാർ ആശുപത്രികൾ**

III. **സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി**

IV. **ശുചിത്വം- മാലിന്യ സംസ്കരണം , കൃഷി വികസനം , ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്കും ഊന്നൽ നൽകി ക്കൊണ്ടുള്ള ഹരിത കേരളം പദ്ധതി .**

**2.** വികസന പ്രക്രിയയിൽ ഇനിയും പൂർണ്ണ പ്രയോജനം ലഭിക്കാത്തവരും, ഒഴിവായിപ്പോയവരുമായ സാധാരണക്കാരുടെയും മുൻഗണനാ വിഭാഗങ്ങളുടെയും ജീവിത സൗകര്യങ്ങളും ജീവിതവും മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണിവ നിലവിലുള്ള പ്രവർത്തന രീതികൾ കാലാനുസൃതമായി മെച്ചപ്പെടുത്തുന്നതിനും ചിട്ടയോടെയുള്ള പ്രവർത്തനങ്ങളിലൂടെ ജനോപകാരപ്രദമായ ഗുണഫലങ്ങൾ ഉറപ്പാക്കുകയുമാണ് പദ്ധതിയുടെ ഉദ്ദേശം.

## I. സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവന രഹിതർക്കും, സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടേയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നുള്ളതാണ് ലക്ഷ്യം. അഞ്ച് വർഷം കൊണ്ട് കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും വീടും ഭൂമിയും ഉറപ്പാക്കുക എന്ന ഉദ്ദേശത്തോടെയുള്ള ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ താഴെപ്പറയുന്ന വിഭാഗത്തിൽപ്പെടുന്നവരായിരിക്കും

1 ഭൂമിയുള്ള ഭവനരഹിതർ
2. സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായധനം അനുവദിച്ചെങ്കിലും പൂർത്തിയാക്കാനാകാത്തവർ (പൂർണ്ണമായോ ഭാഗികമായോ സഹായധനം ലഭിച്ചവർ), ലക്ഷംവീട് പോലെയുള്ള പഴയ പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിലവിൽ വാസയോഗ്യമല്ലാത്ത വീടുകളുള്ളവർ.

3. പുറമ്പോക്കിലോ, തീരദേശമേഖലയിലോ, തോട്ടം മേഖയിലോ താൽക്കാലിക (Semi – permanent, semi-legal) ഭവനമുള്ളവർ

4. ഭൂമിയില്ലാത്ത ഭവനരഹിതർ

1.2 ഇതിൽ ആദ്യത്തെ രണ്ടു വിഭാഗക്കാർക്കും വീട് നിർമ്മിക്കാൻ / വാസയോഗ്യമാക്കാൻ ആവശ്യമായ തുക നിലവിലുള്ള PWD Schedule അടിസ്ഥാനപ്പെടുത്തി ലഭ്യമാക്കുന്നതാണ്. ഇവിടെ നിർമ്മാണ സാമഗ്രികളുടെ ലഭ്യത ബ്ലോക്ക് തലത്തിൽ ഉറപ്പുവരുത്തുന്നതും എഞ്ചിനീയറിംഗ് കോളേജുകളുടെ മേൽനോട്ട സംവിധാനവും ഓരോ ഭവനത്തിന്റെയും നിർമ്മാണ പുരോഗതിയും പൊതുജന സമക്ഷം ലഭ്യമാക്കുന്ന ഐ.ടി അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തുന്നതാണ്.

1.3 മൂന്നും നാലും വിഭാഗക്കാർക്ക് പാർപ്പിട സമുച്ചയങ്ങൾ ലഭ്യമാക്കുന്നതിനായി ഫ്ളാറ്റുകളുടെ/വീടുകളുടെ സമുച്ചയം താലൂക്ക്/ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥല ലഭ്യതയും ഉപഭോക്താക്കളുടെ എണ്ണവും പരിഗണിച്ച് ഏറ്റെടുക്കുന്നതാണ്. ഇവിടത്തെ താമസക്കാർക്ക് സർക്കാർ നൽകുന്ന എല്ലാത്തരം സേവനങ്ങളും (അംഗൻവാടി, സ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കൽ, പഠനത്തിൽ പിന്നിൽ നിൽക്കുന്ന കുട്ടികൾക്ക് സ്പെഷ്യൽ കോച്ചിംഗ്, ഇംഗ്ലീഷ് ഐ.ടി പഠനത്തിന് പ്രത്യേക ഊന്നൽ, കൗമാരക്കാരായ കുട്ടികൾക്കുള്ള കൗൺസിലിംഗ്, സ്കിൽ ട്രെയിനിംഗ്, ഉന്നതവിദ്യാഭ്യാസത്തിനു തയ്യാറെടുപ്പിനുള്ള പരിശീലന പരിപാടികൾ, സ്വയംതൊഴിൽ പരിശീലനം, ആരോഗ്യ പരിരക്ഷ, വിവാഹ സഹായം, വയോജന പരിപാലനം, പാലിയേറ്റീവ് കെയർ) ഗുണമേന്മയോടെ ലഭ്യമാക്കും. ഉൽപ്പാദന/ സേവന മേഖലകളിലെ സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തിയോ ഒരു സ്ഥിരവരുമാനമുറപ്പാക്കാൻ ശ്രമിക്കുന്നതാണ്. താമസക്കാരുടെ സുരക്ഷ നിലവിലെ ഫ്ളാറ്റ് സമുച്ചയങ്ങളിലുള്ളതുപോലെ ഉറപ്പാക്കും. താമസക്കാർക്ക് വീട് വാടകയ്ക്ക് നൽകാൻ/ കൈമാറാൻ അവകാശമുണ്ടായിരിക്കുന്നതല്ല. പ്രതിമാസം മിഷൻ നിശ്ചയിക്കുന്ന തുക മുടക്കം കൂടാതെ നൽകുന്നവർക്ക് 15-20 വർഷത്തിനുശേഷം ഫ്ളാറ്റ് സ്വന്തമാക്കാവുന്ന രീതിയിലാകും ഈ Affordable Housing Scheme നടപ്പാക്കുക. ഗുണഭോക്താക്കളുടെ സംഘാടനം, ശേഷി വളർത്തൽ എന്നിവയിലൂടെ അവരുടെ സജീവ പങ്കാളിത്തം പദ്ധതി നടത്തിപ്പിലും കെട്ടിട സമുച്ചയങ്ങളുടെ പരിപാലനത്തിലും ഉറപ്പാക്കുന്നതാണ്.

പദ്ധതിയുടെ നടത്തിപ്പിനായി താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന സംസ്ഥാനതല പാർപ്പിട മിഷൻ രൂപീകരിക്കുന്നു.

## സംസ്ഥാനതല പാർപ്പിട മിഷൻ

| | | |
|---|---|---|
| അധ്യക്ഷൻ | : | മുഖ്യമന്ത്രി |
| സഹ അധ്യക്ഷൻ | : | തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി |
| ഉപ അധ്യക്ഷന്മാർ | : | ധനകാര്യം, ഭവനനിർമ്മാണം, സാമൂഹികനീതി, വൈദ്യുതി, ജലവിഭവം, തൊഴിൽ, പട്ടികജാതി-പട്ടികവർഗ വികസനം, മത്സ്യബന്ധനം വകുപ്പ് മന്ത്രിമാരും സംസ്ഥാന ആസൂത്രണ ബോർഡ് ഉപാധ്യക്ഷനും (9 പേർ) |
| പ്രത്യേക ക്ഷണിതാവ് | : | പ്രതിപക്ഷ നേതാവ് |
| മിഷൻ സെക്രട്ടറി | : | തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി |
| മിഷൻ അംഗങ്ങൾ | : | ചീഫ് സെക്രട്ടറി, മേൽപറഞ്ഞ 9 വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാർ, ആരോഗ്യം, വിദ്യാഭ്യാസം സെക്രട്ടറിമാർ, സി.ഇ.ഒ. ലൈഫ് മിഷൻ എന്നിവർ |

1.4 നിലവിലുള്ള വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുക. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുക, ആയതിന് അംഗീകാരം നൽകുക, ഇതിനാവശ്യമായ സർക്കാർ സേവനങ്ങൾ ഏകോപിപ്പിക്കുക, ഭൂമി ലഭ്യത ഉറപ്പുവരുത്തുക, നിർമ്മാണ സങ്കേതകങ്ങൾ തീരുമാനിക്കുക, സി.എസ്.ആർ, പൊതുജന പങ്കാളിത്തം എന്നിവ ഉൾപ്പെടെ വിഭവ സമാഹരണം ഉറപ്പാക്കുക, നിർമ്മാണ മേഖലയിലെ വിവിധ സ്ഥാപനങ്ങളുടെ സഹകരണം ലഭ്യമാക്കുക, മേൽനോട്ട സംവിധാനങ്ങൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുക, ഭാവിയിലുള്ള കൈമാറ്റങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പൊതുവായ മാർഗ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ ലഭ്യമാക്കുക എന്നിവയാണ് സംസ്ഥാന തല പാർപ്പിട മിഷന്റെ പ്രധാന ദൗത്യങ്ങൾ.

1.5 മിഷന്റെ പ്രവർത്തനങ്ങളെ സഹായിക്കാനും ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും മിഷൻ ചീഫ് എക്സിക്യൂട്ടീവ് നേതൃത്വം നൽകുന്ന പാർപ്പിടവും അനുബന്ധ വിഷയങ്ങളിലും പ്രാവീണ്യമുള്ള ഒരു കർമ്മസേനയും ഉണ്ടായിരിക്കുന്നതാണ്. കർമ്മസേനയുടെ ചെയർമാൻ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയായിരിക്കും.

## 1.6 ജില്ലാതല മിഷൻ

| | | |
|---|---|---|
| അധ്യക്ഷൻ | : | ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് & ജില്ലാ ആസൂത്രണസമിതി ചെയർമാൻ |
| അംഗങ്ങൾ | : | ജില്ലയിൽ നിന്നുള്ള ലോക് സഭാ അംഗങ്ങൾ, എം.എൽ..എ മാർ, മേയർ, മുനിസിപ്പൽ ചെയർമാൻമാർ ഒരു ബ്ലോക്ക്പഞ്ചായത്ത് പ്രസിഡൻറ്/ രണ്ട് പഞ്ചായത്ത് പ്രസിഡൻറുമാർ (പഞ്ചായത്ത് പ്രസിഡൻറുമാരുടെ/ ജില്ലാ അസോസിയേഷന്റെ പ്രസിഡൻറും സെക്രട്ടറിയും) |
| സെക്രട്ടറി | : | ജില്ലാ കളക്ടർ & ജില്ലാ ആസൂത്രണസമിതി സെക്രട്ടറി |

**1.7** സൗജന്യമായി ഭൂമി നൽകാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിലും സർക്കാർ ഭൂമി ലഭ്യമാകുന്ന സ്ഥലങ്ങളിലുമായിരിക്കും പാർപ്പിട പദ്ധതി ആദ്യഘട്ടത്തിൽ നടപ്പിലാക്കുക. ആയതിനാൽ ഇത്തരം ഭൂമി ലഭ്യത ഉറപ്പാക്കുകയാണ് ജില്ലാതല പാർപ്പിട മിഷന്റെ പ്രാഥമിക ചുമതല. ജില്ലാതല ഗുണഭോക്തൃ പട്ടികയുടെ അന്തിമ അംഗീകാരം, ഭൂമി ലഭ്യത ഉറപ്പുവരുത്തുക, സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കുക, പ്രാദേശിക വിഭവസമാഹരണം ഉറപ്പാക്കുക, മേൽനോട്ട സംവിധാനം ഏർപ്പെടുത്തുക, അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക എന്നിവയും ജില്ലാതല പാർപ്പിട മിഷന്റെ ചുമതലയായിരിക്കും.

## II. ജനസൗഹൃദ സർക്കാർ ആശുപത്രികൾ - ആർദ്രം മിഷൻ

പൊതു ആരോഗ്യ പരിപാലന ശൃംഖലയിൽ ചികിത്സ തേടുന്നവർക്ക് ഏറ്റവും സൗഹൃദമായ നിലയിൽ ചികിത്സാ സംവിധാനം മെച്ചപ്പെടുത്തുക എന്നതാണ് ആർദ്രം മിഷന്റെ ലക്ഷ്യം. സർക്കാർ ആശുപത്രികളെ 'ആർദ്രം' എന്ന പേരിൽ ജനസൗഹൃദ ആശുപത്രികളായി മാറ്റുന്നതാണ്. പദ്ധതിയുടെ പ്രവർത്തനം മൂന്ന് ഘട്ടങ്ങളിലായി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, കമ്മ്യൂണിറ്റി ആരോഗ്യകേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നടപ്പാക്കുന്നതാണ്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ മരുന്ന് ലഭ്യത ഉറപ്പുവരുത്തുകയും, സാംക്രമികേതര രോഗങ്ങളുടെ പ്രതിരോധ പ്രവർത്തനങ്ങൾ, ചികിത്സ എന്നിവയ്ക്ക് ഊന്നൽ നൽകുകയും ചെയ്യും. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളാക്കി പരിവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

പദ്ധതി നടത്തിപ്പിനായി രൂപീകരിക്കുന്ന സംസ്ഥാനതല മിഷന്റെ ഘടന ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | മുഖ്യമന്ത്രി |
| സഹ അദ്ധ്യക്ഷൻ | : | ആരോഗ്യവകുപ്പുമന്ത്രി |
| ഉപ അദ്ധ്യക്ഷന്മാർ | : | ധനകാര്യവകുപ്പുമന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, പൊതുവിതരണവകുപ്പ് മന്ത്രി |
| പ്രത്യേക ക്ഷണിതാവ് | : | പ്രതിപക്ഷ നേതാവ് |
| അംഗങ്ങൾ | : | ചീഫ് സെക്രട്ടറി,<br>ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്ന ആസൂത്രണ ബോർഡിലെ ഒരംഗം,<br>ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി,<br>ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി<br>തദ്ദേശഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി,<br>കുടുംബശ്രീ ഡയറക്ടർ,<br>ആസൂത്രണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി,<br>ഐ.ടി വകുപ്പ് സെക്രട്ടറി,<br>സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി |

2.2 മിഷൻ സെക്രട്ടറിയും കർമ്മസേന (Task Force) ചെയർമാനും ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയായിരിക്കും. ദൈനംദിന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കർമ്മസേനയും ഒരു പൂർണ്ണസമയ മിഷൻ ചീഫ് എക്സിക്യൂട്ടീവും ഉണ്ടാകും. രോഗികളുടെ എണ്ണത്തിന് വർദ്ധനവുള്ള എല്ലാ ആശുപത്രികളിലും (അലോപ്പതി, ആയുർവ്വേദം, ഹോമിയോ) ഘട്ടം ഘട്ടമായി ഈ ഇടപെടൽ നടത്തുന്നതാണ്.

## 2.3 ജില്ലാതല മിഷൻ

| | | |
|---|---|---|
| അധ്യക്ഷൻ | : | ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് & ജില്ലാ ആസൂത്രണസമിതി ചെയർമാൻ |
| അംഗങ്ങൾ | : | ജില്ലയിൽ നിന്നുള്ള ലോക് സഭാ അംഗങ്ങൾ, എം.എൽ..എ മാർ, മേയർ, മുനിസിപ്പൽ ചെയർമാൻമാർ ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്/ രണ്ട് പഞ്ചായത്ത് പ്രസിഡൻറുമാർ (പഞ്ചായത്ത് പ്രസിഡൻറുമാരുടെ/ജില്ലാ അസോസിയേഷൻ്റെ പ്രസിഡൻറും സെക്രട്ടറിയും) |
| സെക്രട്ടറി | : | ജില്ലാ കളക്ടർ & ജില്ലാ ആസൂത്രണസമിതി സെക്രട്ടറി |

2.4 ഏറ്റവും കൂടുതൽ രോഗികൾ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികൾ തെരഞ്ഞെടുക്കുകയും അവയുടെ സ്ഥലസൗകര്യം പരിശോധിക്കുകയും ആർദ്രം മിഷൻ നടപ്പാക്കാൻ ആവശ്യമായ മുന്നൊരുക്കങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുകയാകും ആരോഗ്യ ജില്ലാതല മിഷൻ്റെ പ്രാഥമിക ചുമതല. പ്രാദേശിക വിഭവ സമാഹരണത്തിനുള്ള സാധ്യതകളും ആരോഗ്യ ജില്ലാതല മിഷൻ ഉറപ്പുവരുത്തുന്നതാണ്.

## III. സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി

സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിക്ക് താഴെ പറയുന്ന നാല് പ്രധാന ഉപഘടകങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

1. 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇൻ്റർ നാഷണൽ സ്കൂളുകൾ ആക്കുക
2. ഹൈസ്കൂൾ-ഹയർ സെക്കണ്ടറി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠനപ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.
3. എൽ.പി-യു.പി ക്ളാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അധ്യാപക-രക്ഷകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവകളുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കും.
4. 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകും. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകും. അടുത്ത രണ്ടു വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിൻ്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും അഞ്ച് സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിൻ്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

3.2 വിശദമായ പദ്ധതി റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതിയുടെ പുനരവലോകനവും, ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഉപയോഗപ്രദമാകുന്ന കാര്യങ്ങളും, പഠനപ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ പരിമിതികൾ പരിഹരിക്കാനുള്ള നടപടികളും ഇൻറർനെറ്റ് കണക്ടിവിറ്റി ഉറപ്പുവരുത്തി ഫലപ്രദമായ ഐ.ടി വിന്യാസം സാധ്യമാക്കുന്നതിനുള്ള നടപടികളും സംസ്ഥാനതല മിഷൻ ഏകോപിപ്പിക്കുന്നതാണ്. ഇതിനാവശ്യമായ വിഭവസമാഹരണത്തിനും നിർവ്വഹണ ഏജൻസിയുടെ തെരഞ്ഞെടുപ്പിനും ഉള്ള മാർഗനിർദ്ദേശങ്ങളും സംസ്ഥാനതല മിഷൻ്റെ ചുമതലയായിരിക്കും. ഓരോ ക്ലാസ്സിലെയും

വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട പഠന നിലവാരം നിഷ്കർഷിക്കുകയും അതിൽ നിന്ന് എത്ര കുറവുണ്ടെന്ന് വിലയിരുത്തുകയും ആ കുറവ് പരിഹരിക്കാനുള്ള പഠന പ്രക്രിയ ഏകോപിപ്പിക്കുകയും ചെയ്യുക എന്ന വിദ്യാർത്ഥി കേന്ദ്രീകൃതമായ ഇടപെടലാണ് ഉദ്ദേശിക്കുന്നത്.

3.3 സംസ്ഥാനതല മിഷന്റെ ഘടന താഴെ പറയും പ്രകാരമായിരിക്കും.

| | | |
|---|---|---|
| അധ്യക്ഷൻ | : | മുഖ്യമന്ത്രി |
| സഹ അധ്യക്ഷൻ | : | വിദ്യാഭ്യാസ വകുപ്പമന്ത്രി |
| ഉപ അധ്യക്ഷന്മാർ | : | ധനകാര്യവകുപ്പമന്ത്രി, തദ്ദേശ സ്വയംഭരണവകുപ്പമന്ത്രി, സാമൂഹ്യനീതി വകുപ്പമന്ത്രി |
| പ്രത്യേക ക്ഷണിതാവ് | : | പ്രതിപക്ഷ നേതാവ് |
| അംഗങ്ങൾ | : | ചീഫ് സെക്രട്ടറി, ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ<br>നാമനിർദ്ദേശം ചെയ്യുന്ന ആസൂത്രണ ബോർഡിലെ<br>ഒരംഗം, വിദ്യാഭ്യാസവകുപ്പ് സെക്രട്ടറി,<br>സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി,<br>തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറി<br>പട്ടികജാതി-പട്ടികവർഗ വകുപ്പ് സെക്രട്ടറി<br>ഫിഷറീസ് വകുപ്പ് സെക്രട്ടറി<br>ഐ.ടി വകുപ്പ് സെക്രട്ടറി |

3.4 മിഷൻ സെക്രട്ടറിയും, കർമ്മ സേന (ടാസ്ക് ഫോഴ്സ്)യും ചെയർമാനും വിദ്യാഭ്യാസവകുപ്പ് സെക്രട്ടറിയായിരിക്കും. ദൈനംദിനപ്രവർത്തനങ്ങൾ നടപ്പാക്കാൻ ടാസ്ക് ഫോഴ്സും ഒരു പൂർണ്ണസമയ മിഷൻ ചീഫ് എക്സിക്യൂട്ടീവുംഉണ്ടായിരിക്കുന്നതാണ്.

3.5 അധ്യാപക പരിശീലനത്തിനും ഐ.ടി സാങ്കേതികവിദ്യാ വിന്യാസത്തിനും ഊന്നൽ നൽകുന്നതിനാൽ സംസ്ഥാനതല കർമ്മസേനയിൽ ഈ മേഖലയിലെ വിദഗ്ധരും എസ്.സി.ഇ.ആർ.ടി, ഐ.ടി@സ്കൂൾ, എസ്.എസ്.എ, ആർ.എം.എസ്.എ എന്നീ സ്ഥാപനങ്ങളുടെ ഡയറക്ടർമാരും ഉൾപ്പെടുന്നതാണ്.

**3.6 ജില്ലാതല മിഷൻ**

| | | |
|---|---|---|
| അധ്യക്ഷൻ | : | ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് &<br>ജില്ലാ ആസൂത്രണസമിതി ചെയർമാൻ |
| അംഗങ്ങൾ | : | ജില്ലയിൽ നിന്നുള്ള ലോക് സഭാ അംഗങ്ങൾ,<br>എം.എൽ..എ മാർ, മേയർ,<br>മുനിസിപ്പൽ ചെയർമാൻമാർ<br>ഒരു ബ്ലോക്ക്പഞ്ചായത്ത് പ്രസിഡൻറ്/<br>രണ്ട് പഞ്ചായത്ത് പ്രസിഡൻറുമാർ (പഞ്ചായത്ത്<br>പ്രസിഡൻറുമാരുടെ/<br>ജില്ലാ അസോസിയേഷന്റെ പ്രസിഡൻറും സെക്രട്ടറിയും) |
| സെക്രട്ടറി | : | ജില്ലാ കളക്ടർ & ജില്ലാ ആസൂത്രണസമിതി സെക്രട്ടറി |

3.7 അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തേണ്ട സർക്കാർസ്കൂളുകൾമുൻഗണനാടിസ്ഥാനത്തിൽ കണ്ടെത്തുക ജില്ലാതല വിദ്യാഭ്യാസ മിഷന്റെ ചുമതലയാണ്. ഈ സ്കൂളുകളിൽ പി.ടി.എ, മദർ പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, പ്രാദേശികമായ സന്നദ്ധസംഘടനകൾ എന്നിവയെ പദ്ധതി നടത്തിപ്പുമായി ആർജ്ജവമായി കൂട്ടിയോജിപ്പിക്കാനും ജില്ലാതല വിദ്യാഭ്യാസ മിഷൻ

മുൻകൈയെടുക്കേണ്ടതുണ്ട്. കുട്ടികൾ കൂടുതൽ ഉള്ളതും, പഴയ കെട്ടിടങ്ങളും ക്ലാസ് മുറികളും ഉള്ള സ്കൂളുകൾക്കാണ് മുൻഗണന നൽകേണ്ടത്.

### IV. ഹരിത കേരളം പദ്ധതി

ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മൂന്നു മേഖലകളിൽ ഊന്നൽ നൽകുന്ന ബൃഹത്തായ ഒരു പദ്ധതിയാണ് ഹരിത കേരളം പദ്ധതി . ഇക്കാര്യത്തിൽ മൂന്നു കർമ്മസേനകളും (ടാസ്ക് ഫോഴ്സുകളും) സംസ്ഥാന, ജില്ലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ പ്രവർത്തിക്കുന്നതാണ്. സംസ്ഥാനതല ഹരിത കേരളം മിഷൻ താഴെപറയുന്ന തരത്തിൽ രൂപീകരിക്കുന്നു.

| | | |
|---|---|---|
| അധ്യക്ഷൻ | : | മുഖ്യമന്ത്രി |
| സഹ അധ്യക്ഷൻ | : | മുൻ മന്ത്രി/ മുൻ എം.എൽ.എ/ മുൻ എം.പി |
| ഉപ അധ്യക്ഷന്മാർ | : | ധനകാര്യം, തദ്ദേശ സ്വയംഭരണം, കൃഷി, ജലവിഭവം, ആരോഗ്യം, വനം മന്ത്രിമാർ, ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ |
| ഉപദേഷ്ടാവ് | : | സീനിയർ നിലവാരത്തിലുള്ള ഒരു ശാസ്ത്രജ്ഞൻ |
| പ്രത്യേക ക്ഷണിതാവ് | : | പ്രതിപക്ഷ നേതാവ് |
| അംഗങ്ങൾ | : | ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽസെക്രട്ടറി (തദ്ദേശ സ്വയംഭരണം, ആരോഗ്യം, കൃഷി, ജലവിഭവം, ടൂറിസം, വിദ്യാഭ്യാസം, വനം) സംസ്ഥാനത്തെ മൂന്ന് ടാസ്ക് ഫോഴ്സുകളുടെ ചീഫ് എക്സിക്യൂട്ടീവ് |
| മിഷൻ സെക്രട്ടറി | : | ആസൂത്രണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി |

**4.2** ഓരോ വീട്ടിലെയും മാലിന്യസംസ്കരണ രീതി നിലവിൽ എങ്ങനെയാണ് എന്ന് വിലയിരുത്തുകയും ജൈവ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് എന്നിവയിൽ ഏത് രീതിയാണ് ഓരോ വീട്ടിലും പ്രായോഗികമാവുക എന്ന് നിർദ്ദേശിക്കുകയും ഇതിനായി വീട്ടുകാരെ സജ്ജരാക്കുകയും ചെയ്യുക മാലിന്യസംസ്കരണ മിഷന്റെ നേതൃത്വത്തിലായിരിക്കും. തദ്ദേശ സ്വയംഭരണ തലത്തിൽ ഇക്കാര്യം ഫലപ്രദമായി ഏകോപിപ്പിച്ചിട്ടുണ്ടെന്ന് ജില്ലാ തല മാലിന്യസംസ്കരണ മിഷൻ ഉറപ്പാക്കേണ്ടതാണ്. ഇതു കൂടാതെ, ചന്തകൾ, അറവുശാലകൾ, കല്യാണമണ്ഡപങ്ങൾ എന്നിവയിലെ മാലിന്യസംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങളും ജില്ലാ തല മിഷൻ ഉറപ്പാക്കേണ്ടതുണ്ട്

### ii . ജലവിഭവ മിഷൻ

നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ളവിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ജലസംരക്ഷണ മിഷൻ ലക്ഷ്യമിടുന്നത്. ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തുള്ള കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്. രണ്ടാം ഘട്ടത്തിൽ നദികൾ, കായലുകൾ, മറ്റ് ജലസ്രോതസുകളുടെയും സംരക്ഷണവും, ശുചീകരണവും നടപ്പാക്കും. വ്യാപകമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്യാനും ഇതിന്റെ ഭാഗമായി ഉദ്ദേശിക്കുന്നു. ഈ പ്രവർത്തനങ്ങളെല്ലാം ശാസ്ത്രീയ സംയോജിത നീർത്തട വികസനം (Integrated Watershed Management) അടിസ്ഥാനത്തിലായിരിക്കും. യുവജന സംഘടനകൾ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ തുടങ്ങി എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കും.

പൊതു ഉടമസ്ഥതയിലുള്ള ജലസ്രോതസ്സുകൾ, കനാലുകൾ, കുളങ്ങൾ തുടങ്ങിയവ ശുചീകരിക്കുന്നതിനും പ്രാദേശിക ജലസേചന-കുടിവെള്ള സ്രോതസ്സുകളായി അവയെ ഉപയോഗിക്കുന്നതിനും ജലവിഭവ മിഷൻ ഊന്നൽ നൽകും. കിണറുകളുടെ ശുചീകരണവും മഴവെള്ള റീചാർജ്ജിംഗും ഉറപ്പുവരുത്താനുള്ള സംവിധാനങ്ങളും ജലവിഭവ മിഷനാണ് ഏകോപിപ്പിക്കേണ്ടത്.

### iii. മാലിന്യസംസ്കരണ-കൃഷി വികസന മിഷനുകൾ

ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയുന്നതോടൊപ്പം, ഉറവിട മാലിന്യ സംസ്കാരം സമൂഹത്തിന് വ്യാപകമാക്കുകയും ഇത്തരത്തിലുള്ള മാലിന്യ സംസ്കാര സങ്കേതങ്ങൾ ഉപയോഗിച്ച് ജൈവകൃഷിക്ക് അനുയോജ്യമായ പശ്ചാത്തലമൊരുക്കുകയും വീട്ടുകളിൽ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുക എന്നതാണ് മാലിന്യസംസ്കരണ-കൃഷി വികസന മിഷനുകൾ വഴി ലക്ഷ്യമിടുന്നത്. അതോടൊപ്പം, ബയോ ഗ്യാസ് സംവിധാനങ്ങൾ, തുമ്പൂർമൂഴി മാതൃകയിലുള്ള വികേന്ദ്രീകൃത മാലിന്യസംസ്കാര സംവിധാനങ്ങൾ, ബ്ലോക്ക് അടിസ്ഥാനത്തിന് പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ആശുപത്രി മാലിന്യങ്ങൾ തുടങ്ങിയവ സംസ്കരിക്കാനുള്ള സങ്കേതങ്ങൾ ലഭ്യമാക്കുക എന്നിവയും ശുചിത്വ-മാലിന്യസംസ്കരണ മിഷന്റെ ലക്ഷ്യങ്ങളാണ്.

(2) ഉറവിട മാലിന്യ സംസ്കരണത്തോടൊപ്പം തന്നെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരപ്രദേശങ്ങൾക്കായി നൂതന രീതിയിലുള്ള കേന്ദ്രീകൃത സംസ്കരണ സംവിധാനങ്ങളും നടപ്പാക്കും. വീട്ടുകൾതോറുമുള്ള കൃഷി സാധ്യതയ്ക്കു പുറമെ പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉൽപ്പന്നങ്ങളിലും സ്വയംപര്യാപ്തത നേടാനുതകുന്നവിധത്തിൽ പൊതുവായ ഇടപെടലുകലാണ് കൃഷി വികസന മിഷൻ ലക്ഷ്യമിടുന്നത്.

### iv ജില്ലാതല മിഷൻ

| | | |
|---|---|---|
| അധ്യക്ഷൻ | : | ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് & ജില്ലാ ആസൂത്രണസമിതി ചെയർമാൻ |
| അംഗങ്ങൾ | : | ജില്ലയിൽ നിന്നുള്ള ലോക് സഭാ അംഗങ്ങൾ, എം.എൽ..എ മാർ, മേയർ, മുനിസിപ്പൽ ചെയർമാൻമാർ ഒരു ബ്ലോക്ക്പഞ്ചായത്ത് പ്രസിഡൻറ്/ രണ്ട് പഞ്ചായത്ത് പ്രസിഡൻറുമാർ (പഞ്ചായത്ത് പ്രസിഡൻറുമാരുടെ/ ജില്ലാ അസോസിയേഷന്റെ പ്രസിഡൻറും സെക്രട്ടറിയും) |
| സെക്രട്ടറി | : | ജില്ലാ കളക്ടർ & ജില്ലാ ആസൂത്രണസമിതി സെക്രട്ടറി |

ജില്ലയിൽ തരിശു കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്താനുള്ള സാധ്യതയും പ്രാദേശികമായി സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ വ്യാപകമായ പച്ചക്കറി, ഇതര കൃഷി രീതികൾ പ്രാബല്യത്തിൽ കൊണ്ടുവരികയും കാർഷികോൽപ്പന്നങ്ങളെ വിപണിയുമായി ബന്ധിപ്പിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യാൻ കൃഷി മിഷൻ ലക്ഷ്യമിടുന്നു. ജൈവവളത്തിന്റെയും ജലസ്രോതസ്സുകളുടെയും ലഭ്യത ഇത്തരത്തിലുള്ള ആസൂത്രണത്തിന് അനിവാര്യമായതിനാൽ മേൽപ്പറഞ്ഞ രണ്ടു ജില്ലാ തല മിഷനുകളുമായി ഒത്തൊരുമിച്ചാണ് കൃഷി മിഷൻ പ്രവർത്തിക്കേണ്ടി വരിക.

## 3. ഏകോപന സംവിധാനം

മേൽപ്പറഞ്ഞ മൂന്നു മിഷനുകളുടെയും, ആറ് കർമ്മസേനകളുടെയും (Task Forces) (പാർപ്പിടം, വിദ്യാഭ്യാസം, ആർദ്രം, ശുചിത്വം, കൃഷി, ജലവിഭവം) ഏകോപനത്തിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സംസ്ഥാനതല എംപവേർഡ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്. കമ്മിറ്റിയിലെ മറ്റു അംഗങ്ങൾ ധനകാര്യം, ആസൂത്രണം, ഭവനനിർമ്മാണം, ജലവിഭവം, വനം എന്നിവയുടെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറിമാർ മുഖ്യമന്ത്രിയുടെ സെക്രട്ടറിയുടെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി തദ്ദേശസ്വയംഭരണം, കൃഷി പ്രിൻസിപ്പൽ സെക്രട്ടറിമാർ വിദ്യാഭ്യാസം, ഐ.ടി വകുപ്പ് സെക്രട്ടറിമാർ, സംസ്ഥാനതല മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരാണ്.

3.2. മിഷൻ സംബന്ധമായ തീരുമാനങ്ങളെടുക്കുകയും മന്ത്രിസഭയുടെ അംഗീകാരം തേടേണ്ടതായവ ആ രീതിയിൽ തയ്യാറാക്കുകയും ചെയ്യുക എന്നതും എംപവേർഡ് കമ്മിറ്റിയുടെ ചുമതലയായിരിക്കും. സമയബന്ധിതമായി അനുമതികൾ നൽകാനും, സുഗമമായ പദ്ധതി നടത്തിപ്പ് ഉറപ്പാക്കാനുമുള്ള ഒരു ഏകജാലക സംവിധാനമായി എംപവേർഡ് കമ്മിറ്റി പ്രവർത്തിക്കുന്നതാണ്. എംപവേർഡ് കമ്മിറ്റിക്ക് ആവശ്യമായ പിന്തുണാ സംവിധാനം ഐ.എം.ജി ഒരുക്കുന്നതാണ്.

3.3. ഈ ആറ് മിഷനുകളുടെയും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുകയാണ് ആദ്യഘട്ട ചുമതല. നവംബർ 1-നു മുമ്പ് പദ്ധതി റിപ്പോർട്ടുകൾ മന്ത്രിസഭയുടെ അംഗീകാരം നേടേണ്ടതുണ്ട്.

## 4. ഫലപ്രാപ്തി ലക്ഷ്യമാക്കിയുള്ള നിരീക്ഷണം

മിഷനുകളുടെയും ടാസ്ക് ഫോഴ്സുകളുടെയും പ്രവർത്തനത്തിന്റെ കാര്യക്ഷമതയും ഫലപ്രാപ്തിയും മുഖ്യമന്ത്രിയുടെ നേരിട്ടുള്ള നിരീക്ഷണത്തിലായിരിക്കുന്നതാണ്. പദ്ധതികളുടെ ഗുണഫലങ്ങൾ, പൂർത്തിയാക്കേണ്ടുന്ന നാഴികക്കല്ലുകൾ, ജനപങ്കാളിത്തത്തോടെയുള്ള ജനസൗഹൃദ നടത്തിപ്പ് പ്രക്രിയകൾ, സാമൂഹിക നിരീക്ഷണം എന്നിവ ഉൾപ്പെടെയുള്ള നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്.

4.2 ഈ ആറ് മിഷനുകൾക്കും ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ തലത്തിലും താഴെ പറയുന്ന മിഷൻ ഗ്രൂപ്പും ടാസ്ക് ഫോഴ്സുകളും ഉണ്ടായിരിക്കുന്നതാണ്.

**4.3 ജില്ലാതല മിഷൻ**

| | | |
|---|---|---|
| അധ്യക്ഷൻ | : | ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് &<br>ജില്ലാ ആസൂത്രണസമിതി ചെയർമാൻ |
| അംഗങ്ങൾ | : | ജില്ലയിൽ നിന്നുള്ള ലോക്സഭാ അംഗങ്ങൾ,<br>എം.എൽ..എ മാർ, മേയർ,<br>മുനിസിപ്പൽ ചെയർമാൻമാർ<br>ഒരു ബ്ലോക്ക്പഞ്ചായത്ത് പ്രസിഡൻറ്/<br>രണ്ട് പഞ്ചായത്ത് പ്രസിഡൻറുമാർ (പഞ്ചായത്ത് പ്രസിഡൻറുമാരുടെ ജില്ലാ അസോസിയേഷന്റെ പ്രസിഡൻറും സെക്രട്ടറിയും) |
| സെക്രട്ടറി | : | ജില്ലാ കളക്ടർ & ജില്ലാ ആസൂത്രണസമിതി സെക്രട്ടറി |

4.4 ഓരോ ജില്ലാ തല മിഷനും ഓരോ വിഷയത്തിലും ഒരു ടാസ്ക് ഫോഴ്സ് വീതം ഉണ്ടായിരിക്കുന്നതാണ്. ജില്ലയിൽ അങ്ങനെ ആറ് ടാസ്ക് ഫോഴ്സുകളുണ്ടാകും.

## 5. ജില്ലാ തല കർമ്മസേന (Task Force)

അധ്യക്ഷൻ : ജില്ലാ കളക്ടർ

അംഗങ്ങൾ : ജില്ലാ പ്ലാനിംഗ് ഓഫീസർ

പട്ടികജാതി വകുപ്പ്, പട്ടികവർഗ വകുപ്പ്, ഫിഷറീസ് വകുപ്പ്, കുടുംബശ്രീ ,സാമൂഹ്യക്ഷേമ വകുപ്പ്, നഗരാസൂത്രണം, ഗ്രാമവികസനം , കൃഷി, ജലവിഭവം, വിദ്യാഭ്യാസം, ആരോഗ്യം, വാട്ടർ അതോറിറ്റി, ജലനിധി എന്നിവയുടെ ജില്ലാ ഓഫീസർമാർ, ആർ.ഡി.ഒ/ സബ് കളക്ടർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി

ഓരോ ജില്ലാ തല ടാസ്ക് ഫോഴ്സിനും ഒരു പൂർണ്ണസമയ ഉദ്യോഗസ്ഥൻ കോ-ഓർഡിനേറ്റർ എന്ന നിലയിൽ പ്രവർത്തിക്കുന്നതാണ്.

## 6. തദ്ദേശ സ്വയംഭരണതല മിഷൻ

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മിഷൻ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ഏകോപിപ്പിക്കാനും ഒരു തദ്ദേശ സ്വയംഭരണതല മിഷൻ ഉണ്ടാകുന്നതാണ്. ഇതിന്റെ വിശദമായ മാർഗരേഖ തയ്യാറാക്കുകയും കില വഴി തദ്ദേശസ്വയംഭരണ തലത്തിലെ പരിശീലനവും ശാക്തീകരണവും ഉറപ്പാക്കുകയും ചെയ്യുന്നതാണ് .

തദ്ദേശ സ്വയംഭരണ തലത്തിൽ പ്രവർത്തിക്കുന്ന മിഷന്റെ ഘടന ചുവടെ ചേർക്കുന്നു

അധ്യക്ഷൻ : ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്/ മുനിസിപ്പൽചെയർമാൻ/ മേയർ

അംഗങ്ങൾ : ബന്ധപ്പെട്ട ജില്ലാ/ ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ അംഗങ്ങൾ, പഞ്ചായത്ത് മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ഭരണസമിതി അംഗങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, കൃഷി ഓഫീസർ, കുടുംബശ്രീ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ, മെഡിക്കൽ ഓഫീസർമാർ.

ഓരോ പദ്ധതി തലത്തിലും ഗുണഭോക്താക്കളെ സംഘടിപ്പിച്ചുകൊണ്ട് അവർക്ക് ആവശ്യമായ പരിശീലനങ്ങളും ശേഷി വർദ്ധനവും ഉറപ്പാക്കി ജനപങ്കാളിത്തത്തോടെ ആയിരിക്കും പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, തുടർ നടത്തിപ്പ്, സാമൂഹിക ഓഡിറ്റിംഗ് നടപ്പാക്കുക.

## 7. പദ്ധതി നിർവ്വഹണത്തിനുള്ള സംവിധാനം

മിഷൻ സി.ഇ.ഒ മാരായും ജില്ലാതല കർമ്മ സമിതികളിൽ പ്രവർത്തിക്കുവാനും വേണ്ടി 100 പേരടങ്ങുന്ന ഒരു പ്രൊഫഷണൽ സംവിധാനത്തിന് രൂപം നൽകുവാൻ തീരുമാനിച്ചു ഈ 100 പേരടങ്ങുന്ന കർമ്മ സമിതിയിൽ ഉൾപ്പെടുത്തേണ്ട സർക്കാർ ഉദ്യോഗസ്ഥർ പ്രൊഫഷണലുകൾ, പരിചയ സമ്പന്നരും പ്രഗൽഭരുമായ വിരമിച്ച സർക്കാർ ഉദ്യോഗസ്ഥർ, എന്നിവരെ തെരഞ്ഞെടുക്കുവാനും പരിശീലിപ്പിക്കുവാനും ഐ.ഐ.എം കോഴിക്കോടിനെ ചുമതലപ്പെടുത്തിക്കൊണ്ടും പ്രസ്തുത കർമ്മ സമിതികളെ സഹായിക്കുവാനായി ഒരു റിസോഴ്സ് ടീമിനും രൂപം നൽകി പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

7.2 ഗ്രാമ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ മിഷനുകളുടെ പ്രവർത്തന മാർഗ്ഗരേഖയും പരിശീലനവും കിലയും എംപവേർഡ് കമ്മിറ്റിയ്ക്കുവേണ്ട സാങ്കേതിക സഹായം ഐ.എം.ജി യും ലഭ്യമാക്കുന്നതാണ്.

7.3 മിഷനുകളുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക സാങ്കേതിക സഹായം ഉപയോഗിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**വി.എസ്. ശെന്തിൽ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും
എല്ലാ പ്രൻസിപ്പൽ സെക്രട്ടറിമാർ /സെക്രട്ടറിമാർ /സ്പെഷ്യൽ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാവകുപ്പുകൾക്കും
എല്ലാ ഓഫീസർമാർക്കും ,
നിയമസഭാ സെക്രട്ടറിയ്ക്ക് ( ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ മേധാവികൾക്കും / എല്ലാ ജില്ലാ കളക്ടർമാർക്കും
അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുഭരണ ( എസ്.സി) വകുപ്പിന്
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ ) വകുപ്പിന്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ് . മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ സെക്രട്ടറിമാരുടെയും പി.എ മാർക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക് ( പ്ലാനിംഗ്)